# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 321 02.03.2020-ൽ മറുപടിക്ക്

## പൈതൃക കേന്ദ്രങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.പി.സി.ജോർജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും. പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കുവാൻ ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്ന നിർമ്മിതികൾ, സ്ഥാനങ്ങൾ എന്നിവയുടെ സംരക്ഷണമാണ് നിർവഹിച്ചുപോരുന്നത്. പൈതൃക കേന്ദ്രങ്ങൾ (Heritage Centres) എന്ന നിലയിൽ പ്രത്യേക സ്ഥാപനങ്ങൾ വകുപ്പ് സംരക്ഷിച്ചു വരുന്നില്ല. സംരക്ഷിത സ്മാരകങ്ങളുടെ നിർമ്മിതി സംരക്ഷണത്തിനായി 2017-18 സാമ്പത്തിക വർഷം 507 ലക്ഷം രൂപയുടെ പദ്ധതികളും രാസസംരക്ഷണത്തിനായി 27.93 ലക്ഷം രൂപയുടെ പദ്ധതികളും 2018-19 സാമ്പത്തിക വർഷം യഥാക്രമം 594 ലക്ഷം രൂപയുടേയും 15 ലക്ഷം രൂപയുടേയും പദ്ധതികളും നടപ്പിലാക്കി. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ യഥാക്രമം 600 ലക്ഷം രൂപയും 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>പുരാരേഖാവകുപ്പിന് നിലവിൽ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ എന്നീ അഞ്ചു ജില്ലകളിൽ ജില്ലാ പൈതൃക കേന്ദ്രങ്ങൾ നിലവിലുണ്ട്. അതാത് ജില്ലയിലെ ചരിത്രരേഖകൾ സമാഹരിച്ച് അതാത് ജില്ലകളിൽ തന്നെ സംരക്ഷിച്ച് സൂക്ഷിക്കുകയും അവ പഠനവിധേയമാക്കുകയും ചെയ്യുക എന്നതാണ് ഈ പൈതൃക കേന്ദ്രങ്ങളുടെ ലക്ഷ്യം.<br><br>പുരാവസ്തു വകുപ്പിന് കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, എറണാകുളം ഹിൽ പാലസ് മ്യൂസിയം കോഴിക്കോട് പഴശ്ശി രാജാ മ്യൂസിയം എന്നിവയുടെ ഗ്യാലറി നവീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഗഡു തുകയായി 2,35,53,814/- രൂപയും, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിന്റെ നവീകരണത്തിനായി മ്യൂസിയം ഗ്രാന്റ് സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തിന്റെ ആദ്യഗഡുവായി 2,00,42,640/- രൂപയും വകുപ്പിന് ലഭ്യമായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൈതൃക കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | പൈതൃക കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാർ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ